**Sree Sankaracharya University of Sanskrit, Kalady**
(A Statutory Educational Institution Constituted by Government of Kerala)
Reaccredited by NAAC with 'A+'Grade
OFFICE OF THE PUBLIC RELATIONS
Kalady P.O., Ernakulam (Dist), Kerala – 683 574
Phone: 0484-2463380, 9447123075, E-mail: pro@ssus.ac.in, Website: www.ssus.ac.in

തീയതി : 15.11.2023

പ്രസിദ്ധീകരണത്തിന്

## സംസ്കൃത സർവ്വകലാശാലയിൽ ശാസ്ത്ര ചൂഡാമണി പദ്ധതി തുടങ്ങി

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സംസ്കൃത പ്രചാരണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ കേന്ദ്ര സംസ്കൃത സർവ്വകലാശാലയുടെ അഷ്ടാദശി പദ്ധതിയുടെ ഭാഗമായി അനുവദിച്ച ശാസ്ത്ര ചൂഡാമണി പദ്ധതിയുടെ ഉദ്ഘാടനം കേന്ദ്ര സംസ്കൃത സർവ്വകലാശാല വൈസ് ചാൻസലർ ഡോ. ശ്രീനിവാസൻ വാരക്കേഡി ഓൺലൈൻ വഴി നിർവ്വഹിച്ചു. വൈസ് ചാൻസലർ പ്രൊഫ. എം. വി. നാരായണൻ അധ്യക്ഷനായിരുന്നു. പ്രോ വൈസ് ചാൻസലർ പ്രൊഫ. കെ. മുത്തുലക്ഷ്മി, രജിസ്ട്രാർ ഡോ. പി. ഉണ്ണികൃഷ്ണൻ, പ്രൊഫ. വി. രാമകൃഷ്ണ ഭട്ട്, സംസ്കൃത പ്രചാരണ വിഭാഗം നോഡൽ ഓഫീസർ ഡോ. കെ. വി. അജിത്കുമാർ, ഡോ. കെ. യമുന, ഡോ. വി. കെ. ഭവാനി എന്നിവർ പ്രസംഗിച്ചു. സംസ്കൃത സർവ്വകലാശാലയുടെ വേദാന്ത വിഭാഗം മുൻ പ്രൊഫസറും സംസ്കൃത പണ്ഡിതനുമായ പ്രൊഫ. വി. രാമകൃഷ്ണഭട്ടിനാണ് ശാസ്ത്ര ചൂഡാമണി പദ്ധതി അനുവദിച്ച് ലഭിച്ചിരിക്കുന്നത്.



**ഫോട്ടോ അടിക്കുറിപ്പ്:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സംസ്കൃത പ്രചാരണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ കേന്ദ്ര സംസ്കൃത സർവ്വകലാശാലയുടെ അഷ്ടാദശി പദ്ധതിയുടെ ഭാഗമായി അനുവദിച്ച ശാസ്ത്ര ചൂഡാമണി പദ്ധതിയുടെ ഉദ്ഘാടന സമ്മേളനത്തിൽ വൈസ് ചാൻസലർ പ്രൊഫ. എം. വി. നാരായണൻ പ്രസംഗിക്കുന്നു. സംസ്കൃത പണ്ഡിതൻ പ്രൊഫ. വി. രാമകൃഷ്ണ ഭട്ട്, പ്രോ വൈസ് ചാൻസലർ പ്രൊഫ. കെ. മുത്തുലക്ഷ്മി, രജിസ്ട്രാർ ഡോ. പി. ഉണ്ണികൃഷ്ണൻ, ഡോ. കെ. യമുന എന്നിവർ സമീപം

ജലീഷ് പീറ്റർ
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ നം : **9447123075**